പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2862 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ പേര് രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ എത്ര; ഈ കുടുംബങ്ങളിൽ നിന്നായി എത്ര വ്യക്തികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര; വിശദാംശം വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | 16.02.2016 വരെയുള്ള കണക്ക് പ്രകാരം, സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 31.95 ലക്ഷം കുടുംബങ്ങളിൽനിന്നായി 49.54 ലക്ഷം വ്യക്തികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 31.81 ലക്ഷം സ്ത്രീകളും 17.73 ലക്ഷം പുരുഷൻമാരും ഉൾപ്പെടുന്നു.<br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2011-12 സാമ്പത്തിക വർഷം 14.16 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 2011 ലെ തൊഴിലാളികളുടെ ദിവസ വേതനം 150/- രൂപയായിരുന്നു. 2016 ൽ തൊഴിലാളികളുടെ നിലവിലുള്ള ദിവസ വേതനം 229/- രൂപയാണ്. 16.02.2016 വരെയുള്ള കണക്ക് പ്രകാരം, 14.32 ലക്ഷം കുടുംബങ്ങളിലെ 15.92 ലക്ഷം പേർക്ക് പദ്ധതിയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ പുരുഷൻമാർ 8.7% ഉം സ്ത്രീകൾ 91.31% ഉം ആണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ 2011-ൽ എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നു; അന്നത്തെ ദിവസവേതനം എത്ര; 2016 ൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്; ഇപ്പോഴുള്ള ദിവസവേതനം എത്ര; നിലവിലെ ഗുണഭോക്താക്കളിൽ സ്ത്രീകളും പുരുഷന്മാരും എത്ര വീതം എന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇവരിൽ എത്ര ലക്ഷം പേർക്കാണ് ശരാശരി 50 ദിവസമെങ്കിലും പ്രതിവർഷം തൊഴിൽ നൽകിയ തെന്നും അതിൽ കൂടുതൽ തൊഴിൽ നൽകിയത് ഏതു വർഷം എത്ര ദിവസം എന്നും വ്യക്തമാക്കുമോ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വർഷം നാളിതുവരെ 50 ദിവസത്തിനുമുകളിൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. 2013-14 സാമ്പത്തിക വർഷമാണ് ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് 50 ദിവസത്തിന് മുകളിൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞത് (8.53 ലക്ഷം). |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ പ്രസ്തുത തൊഴിലാളികൾക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക ഈ സർക്കാർ കാലയളവിൽ തന്നെ നൽകുമോ എന്നും വ്യക്തമാക്കുമോ; | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി 2010 -11 മുതൽ 2015 -16 വരെ ഓരോ വർഷവും കേന്ദ്ര വിഹിതമായി എന്തു തുക ലഭിച്ചു; സംസ്ഥാന വിഹിതമായി എത്ര തുക മാറ്റി വച്ചു; കേന്ദ്ര സംസ്ഥാന വിഹിതത്തിൽ നിന്നും ഓരോ വർഷവും വേതനത്തിന് മാത്രം ചിലവഴിച്ച തുക എത്ര; വിശദാംശം വ്യക്തമാക്കുമോ; | (ഇ) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | നിലവിൽ കേരളത്തിലെ തൊഴിലുറപ്പ് പദ്ധതി ഭീഷണി നേരിടുകയാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എഫ്) | ഇല്ല. |
| (ജി) | തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലിയ്ക്കിടെ നാളിതുവരെ വ്യത്യസ്ത കാരണങ്ങളാൽ മരണപ്പെട്ടവർ എത്ര; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ? | (ജി) | തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. മരണപ്പെട്ടവരുടെ കുടുംബത്തിന് 25,000/- രൂപ നിരക്കിൽ എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എച്ച്) | തൊഴിലുറപ്പ് പദ്ധതിയിൽ കൃഷിയെയും മൃഗസംരക്ഷണത്തെയും കൂടി ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചുവോ; വിശദമാക്കുമോ? | (എച്ച്) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ആയതിനാൽ കൃഷിയും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിരവധി തവണ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. നിലവിൽ കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, പന്നിക്കൂട് തുടങ്ങിയവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| വർഷം | 50 ദിവസമോ അതിനുമുകളിലോ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|
| 2011-2012 | വിവരം ശേഖരിച്ച് വരുന്നു |
| 2012-2013 | 818967 |
| 2013-2014 | 853852 |
| 2014-2015 | 523744 |
| 2015-2016 (18.02.2016 വരെ) | 538569 |

Dy

അനുബന്ധം 2

| വർഷം | കേന്ദ്രവിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) | വേതനത്തിനായി ചെലവഴിച്ചത് (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 | 95105.42 | 2510.25 | 97167.22 |
| 2012-13 | 13117.81 | 2102.03 | 131671.46 |
| 2013-14 | 127710.93 | 1512.80 | 120673.54 |
| 2014-15 | 158758.02 | 4000.00 | 149787.21 |
| 2015-16 (16.01.2016 വരെ) | 143834.79 | 2500.44 | 139980.76 |

Dy